(ബി) ഈ ആനുകൂല്യം എത്രപേർക്ക് കിട്ടുമെന്ന് കരുതുന്നു ;

(സി) ഈ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുവാനുള്ള അവസാന തീയതി എന്നായിരുന്നു ;

(ഡി) ഈ ആനുകൂല്യങ്ങൾ നൽകുമെന്ന് പത്രത്തിൽ കൂടി അറിയിപ്പ് നൽകിയതെന്നായിരുന്നു ;

(ഇ) വളരെക്കുറച്ച് ദിവസങ്ങൾ മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുള്ളൂ എന്നത് പരിഗണിച്ച് ഈ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാനുള്ള കാലാവധി നീട്ടിക്കൊടുക്കുമോ ?

ഉത്തരം

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇളവുകൾ ബോർഡിൽ നിന്നും ഭവന വായ്പയെടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും ബാധകമാണ്. ഭവന നിർമ്മാണ ബോർഡിൽ നിന്നും വായ്പയെടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ/ഇളവുകൾ നൽകുന്നതിനായി ബോർഡ് അപേക്ഷകൾ ക്ഷണിച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനങ്ങൾ ഒന്നും തന്നെ ആയിട്ടില്ല.

(ബി) ആയിരത്തോളം പേർക്ക് കിട്ടുമെന്ന് കരുതുന്നു.

(സി) ഏറ്റവും ഒടുവിൽ നൽകിയ അറിയിപ്പ് പ്രകാരം അപേക്ഷകൾ നൽകേണ്ട അവസാന തീയതി 2004 ഡിസംബർ 18 ആയിരുന്നു.

(ഡി) ആനുകൂല്യങ്ങൾ സംബന്ധിച്ച അറിയിപ്പ് 2004 ഡിസംബർ 8 നാണ് പത്രങ്ങൾക്ക് നൽകിയത്.

(ഇ) അപേക്ഷ സ്വീകരിക്കുന്ന തീയതി ദീർഘിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനം ആയിട്ടില്ല.

ഭവന നിർമ്മാണ ബോർഡിൽ നിന്നുള്ള വായ്പാ കുടിശ്ശികകളിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കാൻ നടപടി

35 [631] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവന നിർമ്മാണ ബോർഡിൽ നിന്ന് വായ്പ എടുത്തവരിൽ നിന്ന് ഇപ്പോൾ ഈടാക്കിവരുന്ന പലിശനിരക്ക് എത്രയാണ് ;

(ബി) കാലാവധി കഴിഞ്ഞ് കുടിശ്ശികയായവരിൽ നിന്നും പിഴപ്പലിശ ഈടാക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) വായ്പ കുടിശ്ശികയായവരിൽ നിന്നും പലിശയും പിഴപ്പലിശയും ഒഴിവാക്കി കുടിശ്ശിക തീർക്കുന്നതിന് സർക്കാർ അനുമതി നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൃത്യമായി മാസത്തവണയടയ്ക്കുന്ന ദുർബല വരുമാനക്കാർക്ക് 5%, കുടിശ്ശിക വരുത്തിയാൽ കുടിശ്ശികയ്ക്ക് മാത്രം 13.5%, താഴ്ന്ന വരുമാനക്കാർക്ക് 10% മുതൽ 13.5% വരെ, ഇടത്തരം വരുമാനക്കാർക്ക് 12% മുതൽ 14.5% വരെ, ഉയർന്ന വരുമാനക്കാർക്ക് 12.5% മുതൽ 15.5% വരെ നിരക്കുകളിൽ പലിശ ഈടാക്കുന്നു.

(ബി) ഈടാക്കിയിരുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പിഴപ്പലിശ ഈടാക്കുന്നില്ല.

(സി) 2.5% ആയിരുന്നു.

(ഡി) നിലവിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പിഴപ്പലിശ പൂർണ്ണമായും, ദുർബല വിഭാഗത്തിൽപ്പെട്ടവർക്കും വായ്പാ തിരിച്ചടവ് കാലാവധി കഴിഞ്ഞ താഴ്ന്ന വരുമാനക്കാർക്കും മുടക്കപ്പലിശ പൂർണ്ണമായും, മറ്റു വിഭാഗക്കാർക്ക് മുടക്കപ്പലിശയിൽ 70 ശതമാനവും ഇളവ് അനുവദിക്കുന്നുണ്ട്.

കൂടുതൽ ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കാൻ നടപടി

36 [632] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :

ശ്രീ. സ്റ്റീഫൻ ജോർജ് :

,, ജോസഫ് എം. പുതുശ്ശേരി :

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ലോവർ കോടതികളിൽ ധാരാളം കേസ്സുകൾ കെട്ടിക്കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എത്രയെന്ന് വെളിപ്പെടുത്താമോ ;

(സി) അവയിൽ സിവിൽ കേസ്സുകളുടേയും ക്രിമിനൽ കേസ്സുകളുടേയും തീർപ്പിനായി അദാലത്തുകൾ നടത്തുമോ ;

(ഡി) സിവിൽ കേസ്സുകളിൽ ഇരുപതു കൊല്ലത്തിലധികം പഴക്കമുള്ളവ എത്രയെണ്ണമെന്നും പത്ത് കൊല്ലത്തിലധികം പഴക്കമുള്ളവയെത്രയെന്നും അറിയിക്കാമോ ;

(ഇ) കൂടുതൽ ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കുവാനും കെട്ടിക്കിടക്കുന്ന കേസ്സുകൾ മുഴുവൻ തീർപ്പാക്കുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സബോർഡിനേറ്റ് കോടതികളിൽ 1-1-2005 വരെ 669563 കേസ്സുകൾ തീർപ്പു കല്പിക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly